**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 444

29.06.2016- ൽ മറുപടിക്ക്

# സഹകരണ മേഖലയിൽ ആഡിറ്റ്

**ചോദ്യം**

ശ്രീ. പി.ടി.തോമസ്
,,.വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്:

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ മുൻ സർക്കാർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം എന്തെല്ലാം; | (എ) | ഉണ്ട്.സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കുന്നതിന് 01.04.2013 മുതൽ 31.12.2013 വരെ " ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013" എന്ന പേരിൽ ഒരു കർമ്മ പദ്ധതി നടപ്പിലാക്കിയിരുന്നു.<br>സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് ഒരു സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തിയാക്കണമെന്ന് 97-ാം ഭരണഘടന ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രായോഗികമാക്കുന്നതിന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശികയായ ആഡിറ്റ് സമയബന്ധിതമായി പൂർത്തികരിച്ച് ആഡിറ്റ് സമകാലികമാക്കുകയായിരുന്നു ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013-ന്റെ ലക്ഷ്യം.<br>ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആഡിറ്റ് സമകാലികമാക്കുന്നതിന് ആവശ്യമായത്ര ആഡിറ്റർമാർ വകുപ്പിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്കു പുറമേ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ വകുപ്പിലെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരുടെ സേവനവും ഇതിനായി വിനിയോഗിച്ചിരുന്നു. 22.07.2013-ലെ സ.ഉ(സാധാ) 478/2013/സഹ |

| | | | |
|---|---|---|---|
| | | | നമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് അനുവദിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന-ജില്ല-സർക്കിൾ തലത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. ഈ കർമ്മപദ്ധതിയുടെ ഭാഗമായി 01.04.2013 വരെ കുടിശ്ശികയായ 17957 സഹകരണ സ്ഥാപനങ്ങളുടെ 40286 ആഡിറ്റുകളിൽ റിപ്പോർട്ടുകൾ ലഭ്യമായ 34461 ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; | (ബി) | 97-ാം ഭരണ ഘടനാ ഭേദഗതി അനുസരിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുന്നതോടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് യഥാസമയം വിലയിരുത്താൻ സാധിക്കും. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റുകൾ സമകാലികമാക്കുന്നതോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിയുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത നിലനിർത്താൻ സഹായകമാകുകയും ചെയ്യും. |
| (സി) | പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശം നല്കുമോ ; | (സി) | 01.04.2013 മുതൽ 31.12.2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013 നടപ്പിൽ വരുത്തിയതോടെ 01.04.2013 വരെ കുടിശ്ശികയായിരുന്ന 17957 സഹകരണ സ്ഥാപനങ്ങളുടെ 40286 ആഡിറ്റുകളിൽ റിപ്പോർട്ടുകൾ ലഭ്യമായ 34461 ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു. കുടിശ്ശികയായിരുന്ന ആഡിറ്റ് ഫീസ് പിരിച്ചെടുക്കാൻ കഴിഞ്ഞതിനാൽ സർക്കാരിന് അധികവരുമാനം ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. നിർജ്ജീവാവസ്ഥയിലായിരുന്ന പല സഹകരണ സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് വിലയിരുത്താൻ സാധിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾക്ക് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് അനുഗുണമായ പദ്ധതികൾ നടപ്പിലാക്കാനും ആഡിറ്റ് സമകാലികമായതിലൂടെ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ? | | 1.4.2013 മുതൽ 31.12.2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണം പദ്ധതി 2013-ന്റെ ഭാഗമായി ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ആഡിറ്റർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്കു പുറമെ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരെയും ആഡിറ്റിന് നിയോഗിക്കുകയും ചെയ്തിരുന്നു.<br>സഹകരണ ചട്ടം വകുപ്പ് 64(3) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനകം സംഘങ്ങളുടെ ഇനവും തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31.12.2015 വരെ നിലവിലുള്ള രീതി തുടരുവാൻ സർക്കാരിന്റെ ജി.ഒ(പി) നം.83/2015/സഹ നമ്പർ ഉത്തരവ് അനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ടീം ആഡിറ്റ്, ക്യാമ്പ് ആഡിറ്റ് എന്നിവയും സംഘടിപ്പിച്ചിരുന്നു. 22.07.2013-ലെ സ.ഉ(സാധാ) 478/14/സഹ, 09.02.2016-ലെ സ.ഉ(സാധാ) 109/2016/സഹ എന്നീ ഉത്തരവുകൾ പ്രകാരം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഏർപ്പെട്ടിരുന്നവർക്ക് ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണനിർവ്വഹണത്തിനായി സംസ്ഥാന-ജില്ല-സർക്കിൾ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ